"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ്- വയനാട് ജില്ലയിലെ മേപ്പാടി പഞ്ചായത്തിൽ ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട് നഷ്ടം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിനായി തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.16/2025/DMD തീയതി,തിരുവനന്തപുരം, 08-01-2025

---

പരാമർശം:- മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 19/12/2024 ലെ AHD/ 5548/2024-E1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

വയനാട് ജില്ലയിലെ മേപ്പാടി പഞ്ചായത്തിൽ ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട് നഷ്ടം സംഭവിച്ച കർഷകർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരം നഷ്ടപരിഹാരം അനുവദിക്കുന്നതിലേക്കായി 19,01,500/- രൂപ (പത്തൊൻപത് ലക്ഷത്തി ആയിരത്തി അഞ്ഞൂറ് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം(1) പ്രകാരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയനാട് ജില്ലയിലെ മേപ്പാടി പഞ്ചായത്തിൽ ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട്, നഷ്ടം സംഭവിച്ച കർഷകർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരമുള്ള ധനസഹായം അനുവദിക്കുന്നതിലേക്കായി 2245-02-105-99-F--veterinary care എന്ന ശീർഷകത്തിൽ നിന്നും 19,01,500/- രൂപ വയനാട് ജില്ലാകളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു. മേൽ തുക വയനാട് ജില്ലാകളക്ടർ വയനാട് ജില്ലാ മൃഗസംരക്ഷണ വകുപ്പ് ഓഫീസർക്ക് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്ന് തുക വിനിയോഗിക്കേണ്ടതാണ്. സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരം മാത്രം തുക വിനിയോഗിക്കേണ്ടതും തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം NDMIS പോർട്ടലിൽ രേഖപ്പെടുത്തേണ്ടതും, വിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിലേയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുരാധ കെ സി

അഡിഷണൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം
ജില്ലാകളക്ടർ, വയനാട്
ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
മൃഗസംരക്ഷണ (ജി) വകുപ്പ്
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Sivaprasad V N**
**Date: 08-01-2025 15:32:53**

സെക്ഷൻ ഓഫീസർ